# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

# കരട് ബജറ്റ് 2026-27

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

# 2026-27 സാമ്പത്തിക വർഷത്തെ

# കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 26.02.2026 തീയതിയിലെ 1(1) - നമ്പർ തീരുമാനം

പ്രകാരം അംഗീകരിച്ചത്)

LSGD
കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ് 2026-27


ഇന്ത്യൻ ഭരണഘടന

ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,

ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

ഇന്ത്യൻ ഭരണ ഘടനയുടെ ആമുഖത്തിൽ ഊന്നി, ഭരണഘടന സംരക്ഷിക്കേ   തിന്റെ ആവശ്യകത ഉൾക്കൊണ്ട് ഭാവിയെ മുൻനിർത്തിയുളള പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നു.

അവതരണം: ശ്രീമതി ശ്രീഷ്മ അഭിലാഷ്

വൈസ് പ്രസിഡണ്ട്

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്

## ബജറ്റ് പ്രസംഗം

വികസനത്തിന്റെ ഫലം സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വ്യത്തികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക എന്നതാണ് ഗാന്ധിജിയുടെ വികസന തത്വം. ഈ നയമാണ് നമ്മുടെ വികസന വീക്ഷണം. അതാണ് " സമുച്ചിതം" പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലൂടെ നമ്മൾ നടപ്പിലാക്കുന്നത്.

ബഹുമാനപ്പെട്ട നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, (ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ തുടങ്ങി ഏവരേയും ഈ ബഡ്ജറ്റ് യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ്, ചെലവ് കണക്കുകൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ആണ് ഇവിടെ തയ്യാറാക്കി അവതരിപ്പിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തുകളിലായി വസിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ സാധ്യമാക്കി സുസ്ഥിരവും സുരക്ഷിതവുമായ വികസന അന്തരീക്ഷം സാധ്യമാക്കുക എന്ന കാഴ്ച്ചപ്പാടാണ് നമുക്കുള്ളത്. നവകേരളത്തിലേക്കുളള നാടിന്റെ പ്രയാണം അതിവേഗം നടക്കുന്നതിനിടയിലാണ് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 ആസൂത്രണ പദ്ധതികൾ നാം വിഭാവനം ചെയ്യുന്നത്. കൃഷി, സ്ത്രീ ശാക്തീകരണം, ഭിന്നശേഷി സൗഹൃദം, കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്ക്കരണം, പട്ടികജാതി വികസനം, സാമൂഹ്യ നീതിക്ക വയോജന സൗഹൃദം, പ്രാദേശിക സാമ്പത്തിക വികസനം, ആരോഗ്യ സംരക്ഷണം, പശ്ചാത്തല മേഖല എന്നിങ്ങനെ ബ്ലോക്ക് പഞ്ചായാത്തിലെ എല്ലാ മേഖലകളിലും ലക്ഷ്യമാക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടാണ് നാം മുന്നോട്ട് പോകുന്നത്.

ജെൻഡർ ഇക്വാളിറ്റി കൈവരിക്കുന്നതിനും സ്ത്രീകളെ കൂടുതൽ വരുമാനമുള്ളവരാക്കി കുടുംബങ്ങളിൽ അവരുടെ സ്ഥാനം പ്രാധാന്യമുള്ളതാക്കുന്നതിനും പൊതു സമൂഹത്തിൽ സ്ത്രീകളുടെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പാക്കുകയാണ് ലക്ഷ്യം. അതുപോലെ സമൂഹത്തിലെ ദുർബല വിഭാഗമായ വൃദ്ധർ, കുട്ടികൾ, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ അടക്കമുള്ളവർക്ക് കൂടുതൽ പരിഗണന നൽകി സാമൂഹിക മുന്നേറ്റം സാധ്യമാക്കുകയും ചെയ്യുക എന്നതും നമ്മുടെ ലക്ഷ്യമാണ്.

## ➢ ദൗത്യം

വികസന വീക്ഷണം ലക്ഷ്യം കാണുന്നതിന് തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതികളോടൊപ്പം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാക്കും. എം.എൽ.എ, എം.പി, കേന്ദ്ര കേരള സർക്കാരുകൾ എന്നിവയുടെ ഏകോപനം അതുപോലെ പ്രാദേശിക സാമ്പത്തിക വികസനം, ആരോഗ്യ മേഖല, സാമൂഹിക നീതി, സ്ത്രീ സുരക്ഷ, ജല സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം അടക്കമുള്ള സാധ്യമായ എല്ലാ മേഖലകളിലും ഏകോപനത്തോടെയുള്ള പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുന്നു.

## ➢ ബജറ്റ് നയം

സമൂഹത്തിൽ ഏറ്റവും പ്രയാസമനുഭവിക്കുന്ന ജനത ജീവിക്കുന്നത് നമുക്ക് ചുററുമാണെന്നത് കൊണ്ട് തന്നെ അവർക്ക് കരുതലേകുന്ന പദ്ധതികളാണ് തദ്ദേശ സ്ഥാപനങ്ങൾ ഏറെറടുത്ത് മുന്നോട്ട് പോകേണ്ടത്. പ്രാദേശിക സാമ്പത്തിക വളർച്ചയിലും തൊഴിൽ ലഭ്യമാക്കുന്നതിലും, വിശിഷ്യാ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഭിന്നശേഷിക്കാർക്കും, അമ്മമാർക്കും സ്വയം സംരംഭങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വെച്ച് മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നു.

കാർഷിക രംഗത്തെ സമ്പന്നമാക്കുന്ന നവീകരണ പദ്ധതികളും, കൂടുതൽ തുകയും ഇപ്രാവശ്യം വകയിരുത്തിയിട്ടുണ്ട്. കർഷകർക്കുള്ള പ്രോത്സാഹനങ്ങൾക്ക് പുറമെ ധാന്യസമൃദ്ധിയും , ചെങ്ങാലി കൂട്ടവും, എന്റെ വീട് എന്റെ കൃഷിത്തോട്ടവും അഭിമാനകരമായ പദ്ധതികളാണ്.

കലാകായിക സാംസ്കാരിക രംഗത്തെ സജീവമാക്കാനും , ഗ്രന്ഥശാല പ്രവർത്തനങ്ങളിൽ പുത്തൻ ഉണർവ് സൃഷ്ടിക്കാനും ഉതകുന്ന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ തോളൂർ CHC കേന്ദ്രമാക്കി പാലിയേറ്റീവ് കെയർ സംവിധാനവും ഡയാലിസിസ് സംവിധാനവും ലബോറട്ടറി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ജീവിതത്തിൽ പതറിപ്പോകുന്നവർക്ക് പ്രത്യാശ നല്കാൻ സുജീവനം കൗൺസിലിങ്ങ് സെന്ററുകൾ രൂപീകരിക്കുന്നതിനും പ്രമേഹ രോഗ നിർണ്ണയ ക്ലീനിക്കുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. സി.എച്ച്. സി യിൽ . വിവിധ കേന്ദ്രങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സും നമുക്ക് നന്നായി സംഘടിപ്പിക്കേ തുണ്ട്.

കുടിവെള്ളം, ശുചിത്വം, സാമൂഹ്യ നീതി, പട്ടിക ജാതി നഗറുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങി സമസ്ത മേഖലയെയും ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്ര വികസന പദ്ധതികൾക്കാണ് നാം രൂപം കൊടുക്കുന്നത്.

സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടുള്ള നിർമ്മയ പദ്ധതി നമ്മുടെ അമ്മമാരെയും സഹോദരിമാരെയും സംരക്ഷിക്കാനുള്ള ഈ നാടിന്റെ ഉറപ്പാണ്. **തുടരും** വയോജന സൗഹൃദ പദ്ധതികൾ, അടുക്കള നവീകരണ ഈസി കിച്ചൻ , മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കുള്ള പഞ്ചമി പഠനകേന്ദ്രം, കുഞ്ഞുമക്കളുടെ അംഗൻവാടികൾ സ്മാർട്ടാക്കുന്ന പദ്ധതി, സഹോദരിമാർക്ക് വേണ്ടി സംരംഭക ഗ്രൂപ്പുകൾ , കലാസാംസ്കാരിക പ്രവർത്തകരെ ചേർത്ത് പിടിക്കുന്ന ഗ്രാമീണ രാവ് , ഗ്രന്ഥശാല കേന്ദ്രീകരിച്ച് സാംസ്കാരിക സമന്വയം , മാലിന്യമുക്ത പുഴയ്ക്കൽ ലക്ഷ്യമിട്ടുള്ള ഡയപ്പർ സംസ്കരണ യൂണിറ്റ് , സാനിറ്ററി പാഡ് ഇൻസിനറേറ്റർ യൂണിറ്റുകൾ ,താൻ നെയ്യെടുത്ത സ്വപ്നങ്ങൾ വീടിനുള്ളിൽ തളച്ചിടേണ്ടി വരുന്ന അമ്മമാരെയും , ഭിന്നശേഷിക്കാരെയും സംരക്ഷിക്കാൻ നമ്മുക്കൊപ്പം തൊഴിലിടങ്ങൾ !! തുടങ്ങി വികസനത്തിന്റെ വസന്തം വിരിയിക്കുന്ന പദ്ധതികൾക്കാണ് നാം രൂപം കൊടുക്കുന്നത്. ഭാവിയിൽ ഭിന്നശേഷി സൗഹൃദ ബ്ലോക്ക് പഞ്ചായത്ത് എന്ന അഭിമാന നേട്ടവും നമുക്ക് കൈവരിക്കാനാകണം.

ജെൻഡർ സൗഹൃദഭരണം എന്ന ലക്ഷ്യം മുന്നിൽ ക**ണ്ട്** ജൻഡർ ബഡ്ജറ്റുമായി പുതിയ പദ്ധതികൾ ഏറെറടുത്ത് നാം മുന്നോട്ടുപോവുകയാണ്. സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം സമൂഹത്തിൽ ആ നിലയിൽ ഇടപെടുന്നതിനായി വിവിധ വനിതാഘടക പദ്ധതികളും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടു**ണ്ട്**.

തുല്യത, സ്വാതന്ത്ര്യം, സമാധാനം, സാമ്പത്തിക അഭിവൃദ്ധി എന്നീ ലക്ഷ്യങ്ങളുമായി പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളുടെയും ജീവിത

ഗുണത ഉറപ്പുവരുത്തുന്ന പ്രക്രിയകൾക്കും പദ്ധതികൾക്കും തുടർച്ചയുണ്ടാകണമെന്നതാണ് നമ്മുടെ നയം.

സദ്ഭരണ തത്ത്വങ്ങൾ പാലിച്ചുകൊണ്ട് ബാല സൗഹൃദ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ ഭിന്നശേഷി കുട്ടികൾ, ശിശുക്കൾ, കൗമാരക്കാർ, യുവജനങ്ങൾ, വനിതകൾ, വയോജനങ്ങൾ എന്നിവരുടെ സാമൂഹിക പുരോഗതിയും സംരക്ഷണവും ഉറപ്പാക്കുന്ന പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. വരും വർഷങ്ങളിൽ മാറിയ കാലഘട്ടത്തിനനുസരിച്ച് പുതിയ പദ്ധതികളും, ഉയർന്ന തുകയും വകയിരുത്തും.

നാടിന്റെ നട്ടെല്ലായ കർഷകർക്ക് വേണ്ടി സ്ഥിരം കൃഷി നെൽകൃഷി വനിതകൾക്ക് ധനസഹായം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, പാടശേഖരത്തിലേക്ക് 30 എച്ച്.പി മോട്ടോർ എന്നീ പദ്ധതികൾക്ക് **15 ലക്ഷം രൂപ** ഉൽപാദന മേഖലയിൽ ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പാലിന് സബസിഡി, കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി, ആധുനിക രീതിയിലുള്ള പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മിനി ഡയറി യൂണിറ്റ് എന്നിങ്ങനെ **27.5 ലക്ഷം** രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ നാടിനെ മാലിന്യ മുക്തമാക്കി മാറ്റുന്നതിനുള്ള പദ്ധതിയിൽ ഡയപ്പർ സംസ്കരണത്തിന് വേണ്ട പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ വർഷവും തുടരുന്നതാണ്. കുളങ്ങൾ നവീകരിക്കൽ, തോടുകൾ നവീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതാണ്. **ശുചിത്വ മാലിന്യ സംസ്കരണ മേഖലയ്ക്ക് 57,02,495/- (അമ്പത്തി ഏഴ് ലക്ഷത്തി രണ്ടായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ)** രൂപ വകയിരുത്തുന്നു. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തനങ്ങൾക്കും ശമ്പളത്തിനുമായി **7,50,000/- (ഏഴ് ലക്ഷത്തി അൻപതിനായിരം**) രൂപ വകയിരുത്തുന്നു.

"ശുദ്ധജലവും പ്രാണവായുവും ഈ ഭൂമിയിൽ ജനിക്കുന്ന ഓരോരുത്തരുടെയും അവകാശമാണ്." നിലവിലെ സാധ്യതകൾ പൂർണ്ണമായും

പ്രയോജന പ്പെടുത്തികൊണ്ട് എല്ലാവർക്കും ശുദ്ധ ജലം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മുൻകാലങ്ങളിൽ നടപ്പിലാക്കിയതുപോലെ ഈ വർഷവും **കുടിവെള്ള പദ്ധതികൾക്ക്** പ്രാധാന്യം നൽകുന്നുണ്ട്. ഈയിനത്തിൽ **28,77,500/- (ഇരുപത്തി എട്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്)** രൂപ വകയിരുത്തുന്നു.

പട്ടികജാതിക്ഷേമ രംഗത്ത് പുതിയ സമീപനമാണ് ഈ വർഷത്തെ ബഡ്ജറ്റിൽ കൈകൊണ്ടിട്ടുള്ളത് അവരുടെ കുടുംബത്തിന് നേരിട്ട് പ്രയോജനപ്പെടുന്നതും വരുമാനം വർദ്ധിക്കുന്നതുമായ പദ്ധതികൾ ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉൽപാദന മേഖലയിൽ **23,50,000/- (ഇരുപത്തി മൂന്ന് ലക്ഷത്തി അൻപതിനായിരം)** രൂപ സംരംഭക ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന് **10,00,000/-** (പത്ത് ലക്ഷം) രൂപയും നെൽകൃഷി പ്രോത്സാഹനത്തിനായി **8,00,000/- (എട്ട് ലക്ഷം)** രൂപയും പാരമ്പര്യ കലാപ്രോത്സാഹനം - വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ എന്ന പദ്ധതിക്കാ**യി** **4,20,000/- രൂപയും (നാല് ലക്ഷത്തി ഇരുപതിനായിരം രൂപയും)** പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി **40,00,000/- (നാൽപത് ലക്ഷം)** രൂപയും ഭവന നിർമ്മാണ പദ്ധതിക്കായി **52,33,000/- (അമ്പത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരം)** രൂപയും ഉൾപ്പെടെ ആകെ **1,99,30,572/- (ഒരുകോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി രണ്ട്)** രൂപ വകയിരുത്തുന്നു.

സ്ത്രീ ശാക്തീകരണ രംഗത്ത് വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വനിത തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും 2025-26 വർഷത്തിൽ നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു. വനിതാ വികസന പദ്ധതികളിൽ സ്വയം തൊഴിൽ പദ്ധതിക്കായി **23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം)** രൂപയും, വനിതകൾക്ക് നെൽകൃഷിക്ക് ധനസഹായം പദ്ധതിക്കായി **10,00,000/- (പത്ത്** ലക്ഷം) രൂപയും ഉൾപ്പെടെ ആകെ **33,00,000/- (മുപ്പത്തി മൂന്ന് ലക്ഷം)** രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഓഫീസുകളും **ഭിന്നശേഷി സൗഹൃദമാക്കൽ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്** എന്നീ പദ്ധതികൾ ഈ വർഷവും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി **24,00,000/-(ഇരുപത്തി നാല് ലക്ഷം)** രൂപയും വിഭിന്നശേഷിയുള്ളവരുടെ കലാകായിക സംഗമം നടത്തുന്നതിന് **1,00,000/-(ഒരു ലക്ഷം രൂപ)** രൂപയും വകയിരുത്തിയിരിക്കുന്നു.

ജീവിതസായാഹ്നത്തിൽ നമ്മുടെ പരിചരണവും കരുതലും ഏറ്റവും കൂടുതൽ ആവശ്യമുള്ളവരാണ് വയോജനങ്ങൾ. വയോജനങ്ങളുടെ മാനസീക ഉല്ലാസം ലക്ഷ്യമാക്കിക്കൊണ്ട് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് വയോജന സൗഹൃദ ബ്ലോക്ക് പഞ്ചായത്താക്കി മാറ്റുന്നതിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. കൂടാതെ വയോജനങ്ങൾക്കായി വയോജന പാർക്ക്, മരുന്ന് വാങ്ങി നൽകൽ, എസ്.സി നഗറുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ എന്നീ പദ്ധതികളിലേക്കുമായി **16,45,000/-രൂപ (പതിനാറ് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ)** ഉൾപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ സമഗ്ര വികസനത്തിന്റെ ഭാഗമായി കിടപ്പു രോഗികളുടെ പരിപാലനത്തിനായി സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതിയും, തോളൂർ സി.എച്ച്.സി ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും സാമഗ്രികൾ വാങ്ങുന്നതിനായുള്ള പദ്ധതിയും, സി.എച്ച്.സി തോളൂരിന്റെ ദൈനംദിന പ്രവൃത്തികൾക്കുമായി വിവിധ പദ്ധതികൾക്കുമായി ആകെ **64,21,900/- രൂപ (അറുപത്തി നാല് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ)** ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സി.എച്ച്.സി നവീകരണത്തിനായി **42,17,000/- (നാൽപത്തി രണ്ട് ലക്ഷത്തി പതിനേഴായിരം രൂപ)** രൂപയും നീക്കി വെച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി **റോഡ് നിർമ്മാണം, റോഡ് റീടാറിങ്ങ്, പാലം,**

**കൾവർട്ട്, കാന** എന്നിവയ്ക്കായി **1,01,50,500/- (ഒരു കോടി ഒരു ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറ് രൂപ )** രൂപ വകയിരുത്തിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ **ഭവന രഹിതരായവർക്ക്** പി.എം.എ.വൈ, ലൈഫ് ഭവന പദ്ധതികൾക്കായി ജനറൽ വിഭാഗത്തിൽ **55,32,000/- (അമ്പത്തി അഞ്ച് ലക്ഷത്തി മുപ്പത്തി രണ്ടായിരം)** രൂപയും പട്ടികജാതി വിഭാഗത്തിൽ **52,33,000/- (അമ്പത്തി രണ്ട് ലക്ഷത്തി മുപ്പത്തി മൂവായിരം)** രൂപയും ഉൾപ്പെടെ ആകെ **1,07,65,000/- (ഒരു കോടി ഏഴ് ലക്ഷത്തി അറുപത്തി അയ്യായിരം)** രൂപയും പാർപ്പിട മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്നു.

## ഉദ്ദേശങ്ങൾ

ബജറ്റ് നയമനുസരിച്ച് പദ്ധതികൾ രൂപീകരിച്ച് മുന്നോട്ട് പോവുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ രീതി. വിവിധ തലങ്ങളിൽ വിശദമായ ചർച്ചക്കൊടുവിൽ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുകയാണ് ഉദ്ദേശം.

## ➢ മുൻഗണനകൾ

ലഭ്യമായ വിഭവ സ്രോതസ്സ് അനുസരിച്ചും, സർക്കാരിന്റെ വിവിധ സ്കീമുകൾ പരമാവധി ജനകീയമായും, നമ്മുടെ പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുപൂരകമായും നടപ്പാക്കുന്നതിന് മുൻഗണന നൽകുന്നു. കൂടാതെ സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, ഭിന്നശേഷിക്കാർ, പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ എന്നിവരുടെ ക്ഷേമത്തിനും, തൊഴിൽ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾക്കും കാർഷിക രംഗത്തെ ഉത്പാദന വർദ്ധനവിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും മുന്തിയ പരിഗണന കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും മുൻഗണന നൽകിയിരിക്കുന്നു.

## ➢ അവലോകനം

നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ഇവിടെ തയ്യാറാക്കി അവതരിപ്പിക്കുന്നത്. മൊത്തം **24,83,41,283/- (ഇരുപത്തി നാല് കോടി എൺപത്തി മൂന്ന് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി ഇരുനൂറ്റി എൺപത്തി മൂന്ന്)** രൂപയുടെ പ്രതീക്ഷിതവരവും, **24,24,82,580/- (ഇരുപത്തി നാല് കോടി ഇരുപത്തി നാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്)** രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നു. ഈ ബജറ്റിൽ **58,58,703/- (അമ്പത്തി എട്ട് ലക്ഷത്തി അമ്പത്തി എട്ടായിരത്തി എഴുനൂറ്റി മൂന്ന്)** രൂപയുടെ നീക്കു ബാക്കി പ്രതീക്ഷിക്കുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുമായി സഹകരിച്ച് ത്രിതല പഞ്ചായത്തുകളുടെ കൂട്ടായ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് സമഗ്ര വികസനം എന്ന ലക്ഷ്യവുമായി അവതരിപ്പിക്കുന്ന ഈ ബജറ്റിനോട് ക്രിയാത്മകമായ സമീപനം അഭ്യർത്ഥിച്ചുകൊണ്ട് ഈ മിച്ച ബജറ്റ് നിങ്ങളുടെ എല്ലാവരുടെയും അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**ശ്രീഷ്മ അഭിലാഷ്**
വൈസ് പ്രസിഡണ്ട് &
ചെയർമാൻ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി
പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

## 2025-2026 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻ ബാക്കി | 84,46,283 |
| വരവ് | 23,98,95,000 |
| ആകെ വരവ് | 25,83,41,283 |
| ആകെ ചെലവ് | 24,24,82,580 |
| നീക്കി ബാക്കി | 58,58,703 |

# ബഡ്ജറ്റ് സ്റ്റേറ്റ്മെന്റും ഷെഡ്യൂളുകളും

## പ്രതീക്ഷിത വരവ്

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | മുൻ ബാക്കി | 84,46,283 |
| 2 | നികുതിയിതര വരുമാനം | 5,03,000 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 88,67,000 |
| 4 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം/<br>കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 12,18,37,000 |
| 5 | വികസന ഫ ് | 5,17,86,000 |
| 6 | മെയിന്റനൻസ് ഗ്രാന്റ് | 74,01,000 |
| 7 | എം.പി ഫ ് | 1,00,00,000 |
| 8 | എം.എൽ.എ ഫ ് | 60,00,000 |
| 9 | ജില്ലാ പഞ്ചായത്ത് വിഹിതം | 50,40,000 |
| 10 | ഗ്രാമപഞ്ചായത്ത് വിഹിതം | 48,60,000 |
| 11 | മറ്റുള്ളവ | 2,36,01,000 |
| | **ആകെ** | **24,83,41,283** |

# പ്രതീക്ഷിത ചെലവ്

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റു ആനുകൂല്യങ്ങൾ | 1695000 |
| 2 | ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 1000000 |
| 3 | ഓഫീസ് ചെലവുകൾ | 2870000 |
| 4 | മറ്റ് ഭരണ ചെലവുകൾ | 1230000 |
| 5 | ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 86150580 |
| 6 | തൊഴിലുറപ്പ് പദ്ധതി/മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ | 121837000 |
| 7 | എം.പി ഫ ് | 10000000 |
| 8 | എം.എൽ.എ ഫ ് | 6000000 |
| 9 | ജില്ലാ പഞ്ചായത്ത് വിഹിതം | 5040000 |
| 10 | ഗ്രാമ പഞ്ചായത്ത് വിഹിതം | 4860000 |
| 11 | മറ്റുള്ളവ | 1800000 |
| | **ആകെ ചെലവ്** | **242482580** |

## പെർഫോമൻസ് ബഡ്ജറ്റ്

| ക്രമ നം | പ്രൊജക്ടിന്റെ പേര് | തുക | ലക്ഷ്യം |
|---|---|---|---|
| 1 | സ്ഥിരം കൃഷി നെൽകൃഷിയ്ക്ക് വനിതകൾക്ക് ധനസഹായം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 10,00,000 | നെൽകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നു. സത്രികളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു. |
| 2 | പറച്ചാൽ പാടശേഖരത്തിലേക്ക് 30 എച്ച് പി മോട്ടോർ | 5,00,000 | കൃഷിയ്ക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നു |
| 3 | സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം | 5,00,000 | സംരംഭം ആരംഭിക്കുക വഴി തൊഴിൽ സാധ്യതയും, ദാരിദ്ര്യ ലഘൂകരണവും |
| 4 | വനിത സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം | 18,00,000 | സംരംഭം ആരംഭിക്കുക വഴി തൊഴിൽ സാധ്യതയും, ദാരിദ്ര്യ ലഘൂകരണവും |
| 5 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 12,00,000 | പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നു. |
| 6 | മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം– ജനറൽ | 2,50,000 | ആധുനിക രീതിയിലുള്ള പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. |
| 7 | ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി– ജനറൽ സംയുക്തം | 13,00,000 | പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന തോടൊപ്പം പാൽ ഉൽപാദനം വർദ്ധിപ്പി ക്കുന്നു. |
| 8 | ചാക്രത്ത് തോട് പാലം നിർമ്മാണം വാർഡ് 14 – അവണൂർ ഗ്രാമ പഞ്ചായത്ത് – ബഹുവർഷ പദ്ധതി | 13,00,000 | കാർഷിക മേഖലയ്ക്ക് ഗുണകരമാകുന്നു. |
| 9 | പള്ളിത്താഴം മോട്ടോർഷെഡ് നിർമ്മാണം – കോലഴി ഗ്രാമ പഞ്ചായത്ത് | 5,00,000 | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. |
| 10 | വരമ്പനായി ചിറ അവണൂർ വാർഡ് 10 | 6,00,000 | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. |
| 11 | കൈപ്പറമ്പ് താണിക്കൽ വേലിച്ചിറ വെള്ളച്ചാൽ കെട്ടി സംരക്ഷണവും ചീപ്പ് നിർമ്മാണവും | 6,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമു ള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 12 | കൽക്കരി തോട് സംരക്ഷണം കോലഴി ഗ്രാമപഞ്ചായത്ത് | 8,00,000 | മണ്ണ് ജലസംരക്ഷണം ഉറപ്പ് വരുത്തുന്നു. |

| | | | |
|---|---|---|---|
| 13 | കാരാമച്ചിറ എടക്കുളം അവണൂർ തോട് പാലം നിർമ്മാണം | 7,00,000 | പരിസരവാസികൾക്ക് സുഗമമായ സഞ്ചാര സൗകര്യം ലഭിക്കുന്നു. |
| 14 | എ ഇ ഇ ഓഫീസിലേയ്ക്കുള്ള ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്ന പദ്ധതി | 4,26,000 | പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 15 | എഇഇ ഓഫീസിലെ ദൈനം ദിന ചെലവുകൾ | 50,000 | ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നു. |
| 16 | തോളൂർ സി.എച്ച്.സി ഒപി കെട്ടിട നവീകരണം | 11581000 | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നു. |
| 17 | പി എം എ വൈ ജി – പൊതു വിഭാഗം | 1,44,00,000 | ഭവന രഹിതർക്ക് ഭവനം നൽകുകയും സാമൂഹിക സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യുന്നു. |
| 18 | ലൈഫ് ഭവന പദ്ധതി പൊതു വിഭാഗം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 15,00,000 | ഭവന രഹിതർക്ക് ഭവനം നൽകുകയും സാമൂഹിക സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യുന്നു. |
| 19 | ഐകെഎം – ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 49,765 | സാങ്കേതിക സഹായം ഉറപ്പു വരുത്തുന്നു. |
| 20 | പദ്ധതി രൂപികരണവും നിർവഹണവും മോണിറ്ററിംഗം | 1,00,000 | പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിങ്ങും ഉറപ്പു വരുത്തുന്നു. |
| 21 | വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി | 2,70,000 | കലാരംഗത്തെ പ്രതിഭകളെ വാർത്തെടുക്കുന്നു. |
| 22 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഐ എസ് ഓ തുടർപ്രവർത്തനങ്ങൾ | 1,50,000 | ബ്ലോക്ക് പഞ്ചായത്ത് ഐ.എസ്.ഒ നിലവാരം നില നിർത്തുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ |
| 23 | കേരളോത്സവം | 2,50,000 | യുവജനമേള നടത്തുക വഴി കലാകായീക രംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നു. |
| 24 | അതിദാരിദ്യം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – സംയുക്ത പദ്ധതി | 60,000 | അതിദാരിദ്ര്യം നിർമ്മാർജ്ജനം ലക്ഷ്യമിടുന്നു. |
| 25 | സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 200,000 | വിദ്യാഭ്യാസ നിലവാരം ഉറപ്പ് വരുത്തുന്നു. |
| 26 | എബിസി പദ്ധതി ജില്ല പഞ്ചായത്ത് വിഹിതം നൽകൽ സംയുക്തം | 1,00,000 | തെരുവു നായ്ക്കളുടെ പ്രജനനം കുറയ്ക്കുന്നു. |
| 27 | പ്രോജക്ട് അസിസ്റ്റൻറിന് വേതനം | 3,00,915 | 15-ാം ധനകാര്യ കമ്മീഷൻ പദ്ധതികൾ കൈകാര്യം ചെയ്യുന്നു. |

| | | | |
|---|---|---|---|
| 28 | തെക്കുംപുറം കുടിവെള്ള പദ്ധതി അടാട്ട് പഞ്ചായത്ത് | 200000 | പദ്ധതി പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുന്നു. |
| 29 | വയോജന സൌഹൃദ ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | വയോജനങ്ങളുടെ മാനസീകവും |
| 30 | ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | 1927500 | കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. |
| 31 | എഡിഎ ഓഫീസിലെ ദൈനം ദിന ചെലവുകൾ | 50,000 | ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നു. |
| 32 | ക്ഷീരവികസന യൂണിറ്റ് ഓഫീസ് ദൈനംദിന ചെലവുകൾ | 30,000 | ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നു. |
| 33 | ഡി ഇ ഒ ഓഫീസിലെ ഐ.എസ്.ഒ തുടർ പ്രവർത്തനങ്ങൾ | 20,000 | ഡി.ഇ.ഒ ഓഫീസ് ഐ.എസ്.ഒ നിലവാരം നിലനനിർത്തുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ |
| 34 | പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് – വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 24,00,000 | വിഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. |
| 35 | അനുപൂരക പോഷകാഹാരപദ്ധതി – പുഴക്കൽ ബ്ലോക്കിലെ പഞ്ചായത്തുകൾക്ക് വിഹിതം | 7,50,000 | കുട്ടികളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്നു. |
| 36 | CDPO ഓഫീസ് പ്രവർത്തനത്തിനാവശ്യമായ വിവിധ ചിലവുകൾ | 50,000 | ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നു. |
| 37 | വിഭിന്നശേഷിയുള്ളവരുടെ കലാകായിക സംഗമം പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,00,000 | വിഭിന്നശേഷിയുള്ളവരുടെ കലാ കായീക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നു. |
| 38 | സിഎച്ച്സിതോളൂർ താൽക്കാലിക ഫാർമസിസ്റ്റ് വേതനം | 1,86,000 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 39 | ഡയാലിസിസ് യൂണിറ്റിലെ താൽകാലിക ജീവനക്കാർക്ക് വേതനം (സംയുക്തം) | 11,00,000 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 40 | തോളൂർ സി എച്ച് സി യിലെ താൽക്കാലിക ഡോക്ടർക്ക് വേതനം നൽകൽ | 6,90,900 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 41 | സെക്കണ്ടറി പാലിയേറ്റീവ് കെയർ പരിപാടി | 7,50,000 | കിടപ്പു രോഗികളുടെ പരിപാലനം |
| 42 | തോളൂർ സി എച്ച് സി യിലെ ദൈനം ദിന ചിലവുകൾ | 7,00,000 | സി.എച്ച്.സി യുടെ പ്രവർത്തനം സുഗമമാക്കുന്നു. |

| | | | |
|---|---|---|---|
| 43 | സി എച്ച് സി തോളൂർ ഡയാലിസിസ് യൂണിറ്റേലക്ക് മരുന്നും അനുബന്ധസാമഗ്രികൾ വാങ്ങൽ | 13,00,000 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 44 | ലാബിനു ആവശ്യമായ റീ ഏജൻറ് അനുബന്ധ പ്രവർത്തനങ്ങൾ | 3,00,000 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 45 | വയോജനങ്ങൾക്ക് മരുന്നു വാങ്ങൽ | 3,20,000 | വയോജനങ്ങളുടെ ആരോഗ്യ പരിപാലനം |
| 46 | തോളൂർ സി എച്ച് സി ബയോ വേസ്റ്റ് മാനേജ്മെൻറ് | 1,50,000 | മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 47 | തോളൂർ സി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ | 5,00,000 | ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. |
| 48 | തോളൂർ സിഎച്ച്സി ഐഎസ്ഒ അനുബന്ധ പ്രവർത്തനങ്ങൾ | 1,00,000 | തോളൂർ സി.എച്ച്.സി യുടെ ഐ.എസ്.ഒ നിലവാരം നിലനിർത്തുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ |
| 49 | പട്ടികജാതി വികസന ഓഫീസിലെ ഐ.എസ്.ഒ തുടർ പ്രവർത്തനങ്ങൾ | 20,000 | പട്ടികജാതി വികസന ഓഫീസ് ഐ.എസ്.ഒ നിലവാരം നിലനിർത്തുന്നതിനായുള്ള തുടർ പ്രവർത്തനങ്ങൾ |
| 50 | എസ് സി ഡി ഒ ആഫീസിലെ ദൈനംദിന ചെലവുകൾ | 30,000 | ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നു. |
| 51 | പൊട്ടച്ചിറ കുടിവെള്ള പദ്ധതി | 5,00,000 | പദ്ധതി പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുന്നു. |
| 52 | വയോജന പാർക്ക് | 5,00,000 | വയോജനങ്ങളുടെ മാനസീക ഉല്ലാസം സാധ്യമാക്കുന്നു. |
| 53 | ചാത്തൻ തോട് പാലം നിർമ്മാണം – തോളൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 2 – ബഹുവർഷ പദ്ധതി | 7,00,000 | പരിസര വാസികളുടെ സുഗമമായ യാത്ര സൗകര്യം ഉറപ്പ് വരുത്തുന്നു. |
| 54 | വിവേകാനന്ദ റോഡ് കാന നിർമ്മാണം – അടാട്ട് ഗ്രാമ പഞ്ചായത്ത് | 7,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 55 | സിനി ആർട്ടിസ്റ്റ് രാമു വഴി കാന നിർമ്മാണം വാർഡ് 11 കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 5,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 56 | ചന്ത കാളിപ്പാടം കാന നിർമ്മാണം തോളൂർ ഗ്രാമപഞ്ചായത്ത് | 700000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 57 | കൊള്ളന്നൂർ പാടശേഖരം വെള്ളച്ചാൽ കെട്ടി സംരക്ഷണവും ചീപ്പ് നിർമ്മാണവും | 7,50,000 | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ജല സംരക്ഷണം ഉറപ്പ് വരുത്തുന്നു. |

| | | | |
|---|---|---|---|
| 58 | പാമ്പൂർ സൌഹൃദ റോഡ് ചാൽ നിർമ്മാണം | 8,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 59 | അടാട്ട് പഞ്ചായത്ത് കാന നിർമ്മാണം | 12,50,500 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 60 | പമ്പ് ഹൌസ് കുളം നവീകരണം കോലഴി വാർഡ് 5 – സംയുക്തം | 8,00,000 | കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. |
| 61 | അമ്മാംകുഴി കുളം നവീകരണം മുളങ്കുന്നത്തുകാവ് വാർഡ് 12 | 8,00,000 | കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. |
| 62 | പൂത്തൂർ ആളൂർ റോഡ് സൈഡ് കെട്ടി സംരക്ഷണം – ഐറിഷ് കാന | 7,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 63 | കാട്ടോടി കുളം നവീകരണം അടാട്ട് പഞ്ചായത്ത് | 6,00,000 | കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു |
| 64 | SWIM FOR LIFE – മുണ്ടൂർ പള്ളിക്കുളം നീന്തൽക്കുളമാക്കി ചുറ്റും ടൈൽ വിരിക്കലും ഗ്രിൽ, റെയിലിംഗ് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | 500000 | നീന്തൽക്കുളം സംരക്ഷണം, വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 65 | വട്ടായി അംഗൻവാടി – സംയുക്തം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | 5,00,000 | കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നു. |
| 66 | GWLP സ്കൂൾ അടുക്കള നവീകരണവും അനുബന്ധ പ്രവൃത്തികളും – ഗ്രാമ പഞ്ചായത്തിന് വിഹിതം – സംയുക്തം കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 1,50,000 | GWLP ന്റെ അടിസ്ഥാന സൗകര്യ വികസനം |
| 67 | എഇ ഓഫീസ് മെയിൻറനൻസ് | 50,000 | എഇ ഓഫീസ് കെട്ടിടം സംരക്ഷണം |
| 68 | സെന്റ് ജോർജ്ജ്സ് എച്ച്.എസ്.എസ് ടോയ്ലറ്റ് സമുച്ചയം കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 6,01,995 | ശുചിത്വം ഉറപ്പ് വരുത്തുന്നു. |
| 69 | വനിത എസ് സി ഗ്രൂപ്പുകള്ക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം | 5,00,000 | സംരംഭം ആരംഭിക്കുന്നതിലൂടെ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നു. |
| 70 | സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം എസ്.സി | 5,00,000 | സംരംഭം ആരംഭിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നു. |
| 71 | സ്ഥിരം കൃഷി നെൽ കൃഷിയ്ക്ക് പട്ടികജാതി കർഷകർക്ക് ധനസഹായം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 8,00,000 | കൂടുതൽ പട്ടികജാതി |

| | | | |
|---|---|---|---|
| 72 | ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി– പട്ടികജാതി വിഭാഗം | 735000 | പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന തോടൊപ്പം പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നു. |
| 73 | പി എം എ വൈ ജി – പട്ടികജാതി വിഭാഗം | 96,00,000 | പട്ടികജാതി ഭവന രഹിതർക്ക് ഭവനം നൽകുന്നു. |
| 74 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 35,05,000 | പട്ടികജാതി ഭവന രഹിതർക്ക് ഭവനം നൽകുന്നു. |
| 75 | കവിനഗർ കുടിവെള്ള പദ്ധതി | 2,50,000 | കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. |
| 76 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 24,00,000 | വിദ്യാഭ്യാസ നിലവാരം ഉറപ്പ് വരുത്തുന്നു. |
| 77 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 12,00,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. |
| 78 | പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകൽ | 4,20,000 | പട്ടികജാതി യുവജനങ്ങളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നു. |
| 79 | പഠനമുറി (സ്പിൽ ഓവർ) പൂർത്തീകരണം | 10,00,000 | വിദ്യാഭ്യാസ നിലവാരം ഉറപ്പ് വരുത്തുന്നു. |
| 80 | എസ്.സി നഗറുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്കായിമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | 3,25,000 | വയോജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നു. |
| 81 | പെരിങ്ങന്നൂർ പൈറ്റിയാങ്കര റോഡ് റീടാറിംഗ് കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 8,00,000 | ഗതാഗത സൗകര്യം ഉറപ്പ് വരുത്തുന്നു. |
| 82 | സാംസ്കാരിക നിലയം സോളാർ – സംയുക്തം മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 5,00,000 | ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുന്നു. |
| 83 | ഉദയനഗർ കാന നിർമ്മാണം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | 6,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 84 | കൊട്ടാപ്പുറം റോഡ കാന നിർമ്മാണം വാർഡ് 4 അടാട്ട് പഞ്ചായത്ത് | 6,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 85 | ആപറമ്പ് പുറ്റേക്കര ബ് റോഡ് സൈഡ് കെട്ടൽ | 3,00,000 | വെള്ളപ്പൊക്ക നിവാരണവും ശുചിത്വമുള്ള പരിസരവും സൃഷ്ടിക്കുന്നു. |
| 86 | ഡയപ്പർ ഡിസ്ട്രോയർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000 | മാലിന്യ മുക്ത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നു. |

## പട്ടികജാതി ഘടക പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
|---|---|---|

| | | |
|---|---|---|
| 1 | പെരിങ്ങന്നൂർ പൈറ്റിയാങ്കര റോഡ് റീടാറിംഗ് കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 8,00,000 |
| 2 | ഉദയനഗർ കാന നിർമ്മാണം മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 6,00,000 |
| 3 | തടപ്പറമ്പ് സാംസ്കാരിക നിലയം സോളാർ – സംയുക്തം മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 5,00,000 |
| 4 | പി എം എ വൈ ജി – പട്ടികജാതി വിഭാഗം | 96,00,000 |
| 5 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 35,05,000 |
| 6 | കവിനഗർ കുടിവെള്ള പദ്ധതി അവണ്ണൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 13 | 2,50,000 |
| 7 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 24,00,000 |
| 8 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 12,00,000 |
| 9 | പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകൽ | 4,20,000 |
| 10 | പഠനമുറി (സ്പിൽ ഓവർ) പൂർത്തീകരണം | 10,00,000 |
| 11 | എസ്.സി നഗറുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്കായിമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | 3,25,000 |
| 12 | വനിത എസ് സി ഗ്രൂപ്പുകള്ക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം | 5,00,000 |
| 13 | സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം എസ്.സി | 5,00,000 |
| 14 | സ്ഥിരം കൃഷി നെൽ കൃഷിയ്ക്ക് പട്ടികജാതി കർഷകർക്ക് ധനസഹായം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 8,00,000 |
| 15 | ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി– പട്ടികജാതി വിഭാഗം | 5,50,000 |
| | **ആകെ** | **22950000** |

## ക്ഷീര വികസന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
|---|---|---|
| 1 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1200000 |
| 2 | ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി- പട്ടികജാതി വിഭാഗം | 550000 |
| 3 | ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി- ജനറൽ സംയുക്തം | 1300000 |
| 4 | മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം- ജനറൽ | 250000 |
| | **ആകെ** | **3300000** |

## കാർഷിക വികസന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
|---|---|---|
| 1 | സ്ഥിരം കൃഷി നെൽകൃഷിയ്ക്ക് വനിതകൾക്ക് ധനസഹായം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1000000 |
| 2 | പറച്ചാൽ പാടശേഖരത്തിലേക്ക് 30 എച്ച് പി മോട്ടോർ | 500000 |
| | **ആകെ** | **1500000** |

## വിദ്യാഭ്യാസ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 2400000 |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 600000 |
| 3 | 2024 25 പഠനമുറി (സ്പിൽ ഓവർ) പൂർത്തീകരണം | 1000000 |
| 4 | പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് - വിഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 2400000 |
| 5 | സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 200000 |
| | **ആകെ** | **6600000** |

## പാർപ്പിട ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
|---|---|---|

| | | |
|---|---|---|
| 1 | പി എം എ വൈ ജി - പൊതു വിഭാഗം | 4032000 |
| 2 | പി എം എ വൈ ജി - പട്ടികജാതി വിഭാഗം | 1728000 |
| 3 | ലൈഫ് ഭവന പദ്ധതി പൊതു വിഭാഗം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1500000 |
| 4 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 3505000 |
| 5 | അതിദാരിദ്യം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - സംയുക്ത പദ്ധതി | 60000 |
| | **ആകെ** | **10825000** |

| **സംരഭകത്വ വികസന പദ്ധതികൾ** | | |
|---|---|---|
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | **വകയിരുത്തിയ ഫണ്ട്** |
| 1 | സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം | 500000 |
| 2 | വനിത സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം | 1800000 |
| 3 | വനിത എസ് സി ഗ്രൂപ്പുകള്ക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം | 500000 |
| 4 | സംരംഭക ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം എസ് സി | 500000 |
| | **ആകെ** | **3300000** |

| കുടിവെള്ള ,ജലസംരക്ഷണ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
| 1 | പൊട്ടച്ചിറ കുടിവെള്ള പദ്ധതി | 500000 |
| 2 | കൽക്കരി തോട് സംരക്ഷണം | 800000 |
| 3 | കാരാമച്ചിറ എടക്കുളം അവണൂർ തോട് പാലം നിർമ്മാണം | 700000 |
| 4 | കൊള്ളന്നൂർ പാടശേഖരം വെള്ളച്ചാൽ കെട്ടി സംരക്ഷണവും ചീപ്പ് നിർമ്മാണവും | 750000 |
| 5 | പമ്പ് ഹൌസ് കുളം നവീകരണം കോലഴി വാർഡ് 5 - സംയുക്തം | 800000 |
| 6 | അമ്മാംകുഴി കുളം നവീകരണം മുളങ്കുന്നത്തുകാവ് വാർഡ് 12 | 800000 |
| 7 | കാട്ടോടി കുളം നവീകരണം അടാട്ട് ജി പി | 600000 |
| 8 | തെക്കുംപുറം കുടിവെള്ള പദ്ധതി | 200000 |
| 9 | കവിനഗർ കുടിവെള്ള പദ്ധതി അവണൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 13 | 250000 |
| 10 | ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | 1927500 |
| 11 | വരമ്പനായി ചിറ അവണൂർ വാർഡ് 10 | 600000 |
| 12 | കൈപ്പറമ്പ് താണിക്കൽ വേലിച്ചിറ വെള്ളച്ചാൽ സംരക്ഷണവും ചീപ്പ് നിർമ്മാണവും - സംയുക്തം (ജില്ലാ പഞ്ചായത്ത്) | 600000 |
| 13 | കൽക്കരി തോട് സംരക്ഷണം കോലഴി ഗ്രാമ പഞ്ചായത്ത് | 800000 |
| 14 | SWIM FOR LIFE - മുണ്ടൂർ പള്ളിക്കുളം നീന്തൽക്കുളമാക്കി ചുറ്റും ടൈൽ വിരിക്കലും ഗ്രിൽ, റെയിലിംഗ് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | 500000 |
| | **ആകെ** | **9027500** |

| ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് |
| 1 | ഡയപ്പർ ഡിസ്ട്രോയർ - ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ - സംയുക്തം | 500000 |
| 2 | തോളൂർ സി എച്ച് സി ബയോ വേസ്റ്റ് മാനേജ്മെന്റ് | 150000 |
| 3 | പുത്തൂർ ഡി.എസ്.ജി. എൽ പി സ്ക്കൂൾ ടോയ്ലറ്റ് സമുച്ചയം | 601995 |
| 4 | പൂത്തൂർ ആളൂർ റോഡ് സൈഡ് കെട്ടി സംരക്ഷണം - ഐറിഷ് കാന | 700000 |
| 5 | അടാട്ട് പഞ്ചായത്ത് കാന നിർമ്മാണം | 1250500 |
| 6 | കൊട്ടാപ്പുറം റോഡ് കാന നിർമ്മാണം അടാട്ട് ഗ്രാമ പഞ്ചായത്ത് വാർഡ് 4,2 | 200000 |
| 7 | ചന്ത കാളിപ്പാടം കാന നിർമ്മാണം തോളൂർ ജി.പി | 500000 |
| 8 | സിനി ആർട്ടിസ്റ്റ് രാമു വഴി കാന നിർമ്മാണം വാർഡ് 11 | 500000 |
| 9 | ഉദയനഗർ കാന നിർമ്മാണം മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 600000 |
| 10 | വിവേകാനന്ദ റോഡ് കാന നിർമ്മാണം - അടാട്ട് ഗ്രാമ പഞ്ചായത്ത് | 700000 |
| | **ആകെ** | **5702495** |

# പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

## ബഡ്ജറ്റ് 2026-27 (കരട്)

## BS1 OWN SOURCE REVENUE

### BS 1 B NON TAX REVENUE ( നികുതിയേതര വരുമാനം)

**REVENUE FROM OWN SOURCES**

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| **1** | 1301009 | Rent from Auditorium and Halls | ഹാൾ വാടക | 22000 |
| **2** | 1302003 | RENT FROM BUILDINGS | കെട്ടിടത്തിൽ നിന്നുള്ള വാടക | 330000 |
| **3** | 1401401 | Fees under RTI Act | വിവരാവകാശനിയമപ്രകാരമുള്ള ഫീസ് | 5000 |
| **4** | 1402003 | Other Penalities and Fines | മറ്റ് പിഴകളും ശിക്ഷകളും | 80000 |
| **5** | 1501102 | Receipts from Sale of Tender Forms | ടെണ്ടർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 110000 |
| **6** | 1501202 | Receipts from Sale of Scrap | സ്ക്രാപ്പ് വിൽപനയിൽ നിന്നുള്ള വരുമാനം | 110000 |
| **7** | 1711001 | Interest from Bank Accounts | ബാങ്ക് പലിശ | 150000 |
| **8** | 1404099 | Other Fees | മറ്റ് ഫീസുകൾ | 5000 |
| | | | | |
| **നികുതിയേതര വരുമാനം ആകെ** | | | | **812000** |
| | **BS 2 ASSIGNED REVENUES AND GRANTS** | | | |
| | **BS 2 A (ജനറൽ പർപ്പസ് ഫണ്ട്)** | | | |
| 9 | 1601023 | General Purpose Fund | ജനറൽ പർപ്പസ് ഫണ്ട് | **9818000** |

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 10 | 1601001 | Development Fund - General | വികസനഫണ്ട് - ജനറൽ | 35968000 |
| 11 | 1601002 | Development Fund - Special Component Plan | വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 16551000 |
| 12 | 1601022 | Maintenance Fund - Non-Road Assets | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 6312000 |
| 13 | 1602005 | Central Finance Commission Grant - Untied | കേന്ദ്ര ധനകാര്യ കമ്മിഷന്റെ ഉപാധിരഹിത ഗ്രാന്റ് | 3836800 |
| 14 | 1602006 | Central Finance Commission Grant - Tied | കേന്ദ്ര ധനകാര്യ കമ്മിഷന്റെ ഉപാധി ഗ്രാന്റ് | 5700000 |
| 15 | 1604001 | Contribution towards Joint Venture Projects from District Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 2500000 |
| 16 | 1604002 | Contribution towards Joint Venture Projects from Block Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ഗ്രാമ പഞ്ചായത്തിൽ നിന്ന് | 5100000 |
| ആകെ പദ്ധതി വിഹിതം ഗ്രാന്റുകൾ | | | | **75967800** |
| | **BS 3 LOANS,DEPOSITS,ADVANCES** | | | |
| Head id | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 17 | 3401001 | Earnest Money Deposit | | 100000 |
| 18 | 3401002 | Security Deposit | | 10000 |
| 19 | 3401003 | Retention | | 100000 |
| 20 | 3502025 | I T Deducted at Source | | 100000 |
| 21 | 3502026 | KCWWB | | 200000 |
| 22 | 3503008 | CGST | | 50000 |
| 23 | 3503009 | SGST | | 50000 |
| 24 | 3503011 | I T-TCS | | 100000 |

| | | | | |
|---|---|---|---|---|
| 25 | 3402006 | Election Deposit of Candidates | | 25000 |
| 26 | 3408001 | DEPOSIT RECEIVED -HALLS | ഹാളുകളുടെ വാടക ഡപ്പോസിറ്റ് | 100000 |
| 27 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1200000 |
| | **TOTAL OF LOANS, DEPOSITS AND ADVANCES** | | | **2035000** |

## BS 4 RECOVERIES (റിക്കവറികൾ)

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 28 | 2801001 | Prior Period Income | മുൻകാല വരവുകൾ | 200000 |
| 29 | 2801002 | Prior Period Income - Recovery of Unutiltzed Grants/ Funds | മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാന്റുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 200000 |
| | | | | |
| **ആകെ വരവുകൾ** | | | | **89032800** |
| **ആകെ (വരവ്+മുൻബാക്കി)** | | | | **94092976** |

## BS 5 അഡ്മിനിസ്ട്രേറ്റീവ് & എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

### BS 5 A എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 30 | 2101004 | Salaries - Contract Staff | ശമ്പളം - കരാർ ജീവനക്കാർ | 325000 |
| 31 | 2101007 | Salaries - Part time Contingent Staff | ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ | 100000 |
| 32 | 2101101 | Wages | വേതനം | 500000 |
| 33 | 2102001 | Travelling Allowances - Secretary | യാത്രാബത്തകൾ - സെക്രട്ടറി | 100000 |
| 34 | 2102004 | Travelling Allowances - TEMPORARY STAFF | യാത്രാബത്തകൾ - കരാർ/ദിവസവേതനം | 75000 |
| 35 | 2102019 | Travelling Allowances - elected representatives | യാത്രബത്ത-ജനപ്രതിനിധികൾ | 125000 |

| | | | | |
|---|---|---|---|---|
| 36 | 2102014 | Monthly Honorarium and Sitting Allowance - Councillors/ Members | മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 3000000 |
| 37 | 2102017 | Festival Allowance | ഉത്സവബത്ത | 28000 |
| 38 | 2102020 | Telephone ExpenseS -SECRETARY | ടെലഫോൺ ചെലവുകൾ-സെക്രട്ടറി | 4000 |
| 39 | 2102021 | Telephone Expenses-PRESIDENT | ടെലഫോൺ ചെലവുകൾ-പ്രസിഡണ്ട് | 4000 |
| 40 | 2102021 | Telephone Expenses VICE PRESIDENT | ടെലഫോൺ ചെലവുകൾ-വൈസ് പ്രസിഡണ്ട് | 4000 |
| **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | | | **4265000** |

## BS 5 B ഭരണ ചെലവുകൾ

| SL.NO. | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 41 | 2201101 | Office Electricity Expenses | ആഫീസിലെ വൈദ്യുതി ചെലവുകൾ | 200000 |
| 42 | 2201102 | Water Charges - Office | വെള്ളത്തിന്റെ ചാർജുകൾ | 40000 |
| 43 | 2201199 | Other Office Maintenance Expenses | മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 168440 |
| 44 | 2201201 | Telephone Expenses/ Internet Charges | ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 150000 |
| 45 | 2201202 | Postage Expenses | തപാൽ ചെലവുകൾ | 15000 |
| 46 | 2202001 | Books & Periodicals | പുസ്തകങ്ങളും ആനുകാലികങ്ങളും | 50000 |
| 47 | 2202101 | Printing & Stationery | അച്ചടിയും സ്റ്റേഷനറികളും | 150000 |
| 48 | 2204001 | Insurance | ഇൻഷുറൻസ് | 100000 |
| 49 | 2205101 | Miscellaneous Legal Expenses | പലവക നിയമപരമായ ചെലവുകൾ | 100000 |
| 50 | 2205201 | Professional & Other Fees | വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 75000 |
| 51 | 2206001 | Newspaper Advertisement Charges | പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 50000 |
| 52 | 2206099 | Other advertisemnet and publicity charges | മറ്റ് പരസ്യ-പബ്ലിസിറ്റി ചിലവുകൾ | 20000 |
| 53 | 2206101 | MEMBERSHIP AND SUBSCRIPTIONS | മെമ്പർഷിപ്പ് ഫീ | 75000 |
| 54 | 2208001 | FESTIVAL EXPENSES | ഫെസ്റ്റിവൽ അലവൻസ് | 100000 |
| 55 | 2208005 | DONATIONS AS PER GO | ഗവ ഉത്തരവ് പ്രകാരമുള്ള സംഭാവനകൾ | 200000 |

| | | | | |
|---|---|---|---|---|
| 56 | 2208099 | Miscellaneous Administration Expenses | മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1500000 |
| **ആകെ ഭരണചെലവുകൾ** | | | | **2993440** |
| **BS 5 C സംരക്ഷണ ചെലവുകൾ** | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 57 | 2301002 | Fuel Charges | ഇന്ധനചെലവുകൾ | 500000 |
| 58 | 2304001 | Vehicle Hire Charges | വാഹനങ്ങളുടെ വാടക | 50000 |
| 59 | 2304099 | other hire charges | മറ്റ് വാടകകൾ | 100000 |
| 60 | 2305199 | Repairs & Maintenance - civic amneties | | 50000 |
| 61 | 2305301 | Repairs & Maintenance - Vehicles | സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 300000 |
| 62 | 2305902 | Repairs & Maintenance - Office Equipments | സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 175000 |
| 63 | 2305909 | Other Repairs & Maintenance | സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | 150000 |
| 64 | 2308010 | extra ordinary expenses | അസാധാരണചെലവുകൾ | 200000 |
| 65 | 2308013 | sanitation expenses | ശുചിത്വം ചെലവുകൾ | 100000 |
| 66 | 2308201 | Refreshment Charges | ലഘുഭക്ഷണ ചെലവുകൾ | 225000 |
| | | **സംരക്ഷണ ചെലവുകൾ** | | **1850000** |
| **6. OPERATIONAL EXPENDITURE** | | | | |
| 67 | 2407001 | Bank Charges | ബാങ്ക് ചാർജ് | **10000** |
| **BS8 REFUND OF LOANS ,DEPOSITS AND ADVANCES** | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 68 | 3401001 | EMD | ഇ എം ഡി | 100000 |
| 69 | 3401002 | Security  Deposit | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10000 |

| | | | | |
|---|---|---|---|---|
| 70 | 3401003 | Retention | റിടെൻഷൻ | 100000 |
| 71 | 3502025 | I.T.Deducted at Source | ഇൻകം ടാക്സ് | 100000 |
| 72 | 3502026 | KCWWB | | 200000 |
| 73 | 3503008 | CGST | സി ജി എസ് ടി | 50000 |
| 74 | 3503009 | SGST | എസ് ജി എസ് ടി | 50000 |
| 75 | 3503011 | I T TCS | | 100000 |
| 76 | 3402001 | RENT DEPOSIT | വാടക ഡപ്പോസിറ്റ് | 100000 |
| 77 | 3402006 | Election Deposit of Candidates | | 25000 |
| 78 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1200000 |
| | **TOTAL OF LOANS, DEPOSITS AND ADVANCES** | | | **2035000** |
| **BS 9 RECOVERIES (റിക്കവറികൾ)** | | | | |
| **SL.NO.** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 79 | 2801001 | Prior Period Income | മുൻകാല വരവുകൾ | 200000 |
| 80 | 2801002 | Prior Period Income - Recovery of Unutiltzed Grants/ Funds | മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാന്റുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 200000 |
| | | റിക്കവറികൾ | | **400000** |
| | | **ആകെ ചെലവുകൾ** | | **12753440** |
| | | **നീക്കി ബാക്കി** | | **23108336** |

## പദ്ധതി ചെലവ് കണക്കുകൾ

PLAN EXPENDITURE 2026-27 (FOR BUDGET) APPROVED IN 26.02.2026 COMMITTEE

| SN | HEAD OF ACCOUNTS | | REVISED BUDGET DATA |
|---|---|---|---|
| 1 | 2510101 Agriculture - Paddy | നെൽകൃഷിവികസനം | 3600000 |
| 2 | 2510209 Animal Husbandry - Infrastructure | മൃഗസംരക്ഷണം അടിസ്ഥാനസൌകര്യവികസനം | 250000 |
| 4 | 2510305 Dairy Development - Milk Incentives | ക്ഷീര വികസനം- | 3650000 |
| 5 | 2510601 Small scale industries and Micro enterprises | സ്വയംതൊഴിൽ സംരഭങ്ങൾ | 350000 |
| 6 | 2510802 Water Conservation | ജലസംരക്ഷണപ്രവർത്തനങ്ങൾ | 2300000 |
| 7 | 2511301 Self Employment and Marketing Promotion | സ്വയംതൊഴിൽ സംരഭങ്ങൾ പ്രൊത്സാഹനം | 3300000 |
| | **Total Expenses Related to Productive Sector** | | **13450000** |
| | **Expenses Related to Service Sector - 252** | | |
| 8 | 2520107 Education-Related Activities | വിദ്യാഭ്യാസ അനുബന്ധപ്രവർത്തനങ്ങൾ | 3200000 |
| 9 | 2520109 Encourage Excellence of SC/ ST | വിദ്യാഭ്യാസ അനുബന്ധപ്രവർത്തനങ്ങൾ-പട്ടികജാതി | 200000 |
| 10 | 2520503 Arts,Culture,Sports and Youth Welfare-Promotion | കല സാംസ്കാരികം യുവജനക്ഷേമം | 1000000 |

| | | | |
|---|---|---|---|
| 11 | 2520602 Health related Programs | ആരോഗ്യമേഖല പ്രവർത്തനങ്ങൾ | 6595000 |
| 13 | 2520702 Drinking Water - Public | കുടിവെള്ളം | 600000 |
| 14 | 2520801 Housing & House Electrification - Individual | ഭവനം | 12905200 |
| 15 | 2520802 Housing & House Electrification - Construction/Purchase by | ഭവനനിർമ്മാണം-വിഹിതം | 8089400 |
| 16 | 2520903 Women Welfare | വനിത ക്ഷേമം | 3900000 |
| 17 | 2520905 Welfare Programs for the Destitute | അഗതി ക്ഷേമം | 100000 |
| 18 | 2520906 Welfare Programs for Physically/ Mentally Challenged | ഭിന്നശേഷി ക്ഷേമം | 3000000 |
| 19 | 2521101 Anganwadi Infrastructure | അംഗനവാടി | 2349600 |
| 20 | 2521203 Vocational Capacity Building - Related Activities | തൊഴിൽനൈപുണ്യ പ്രവർത്തനങ്ങൾ | 250000 |
| 21 | 2521601 Local Government Service Delivery Improvement | സദ്ഭരണം | 55000 |
| 22 | 2521602 Payments to IKM | ഐ കെ എം വിഹിതം | 55000 |
| 23 | 2521701 Allied Institution Service Delivery Improvement | ഘടകസ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തൽ | 250000 |
| 24 | 2521903 Public Sanitation - Related Activities | പൊതുശുചിത്വം | 100000 |
| 25 | 2522001 Plan Formulation, Implementation and Monitoring | പദ്ധതി രൂപീകരണം മോണറ്ററിംഗ് | 200000 |
| | **Total Expenses Related to Service Sector** | | **42849200** |
| | **Expenses Related to Infrastructure Sector - 253** | | |
| 27 | 2530201 Roads | റോഡുകൾ | 1000000 |
| 31 | 2530402 Other Constructions - Side Walls | പാർശ്വഭിത്തി നിർമ്മാണം | 500000 |

| | | | |
|---|---|---|---|
| 32 | 2530502 Hiring of vehicles for office purposes | വാഹന വാടക-അസി എഞ്ചീനിയർ | 432000 |
| | **Total Expenses Related to Infrastructure Sector** | | **1932000** |
| **TOTAL PLAN EXPENDITURE** | | | **58231200** |